e- mail - gssbsukc@yahoo.co.in Phone: 0471-2192810, 2192846

# സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയൻ (കേരള സർക്കിൾ)

(അഫിലിയേറ്റഡ് ടു ഓൾ ഇന്ത്യ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സ്റ്റാഫ് ഫെഡറേഷൻ)

സർക്കുലർ നമ്പർ 68/26

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
ലോക്കൽ ഹെഡ് ഓഫീസ്
പൂജപ്പുര
തിരുവനന്തപുരം–695 012

സഖാക്കളെ,

തീയതി 01.01.2026

## പുതുവത്സരാശംസകൾ

കാലത്തിന്റെ ഒഴുക്കിൽ ഒരു വർഷം കൂടി ഒഴുകി നീങ്ങുകയാണ്. യുദ്ധങ്ങളും, കലാപങ്ങളും, പ്രകൃതിദുരന്തങ്ങളും ലോക മനഃസാക്ഷിയെ ഞെട്ടിച്ചുകൊണ്ട് കടന്നു പോയ ഒരു വർഷമാണിത്. മാറ്റമില്ലാത്തതായി മാറ്റം മാത്രമാണെന്നാണ് പൊതുവേ പറയുക പക്ഷേ, തൊഴിലാളി വർഗ്ഗത്തെ സംബന്ധിച്ചിടത്തോളം പ്രശ്നങ്ങളുടെ ഉറവിടവും, പ്രശ്നങ്ങളും മിക്കപ്പോഴും ഒന്നു തന്നെയായിരിക്കും. അധികാര വർഗ്ഗവും, ചൂഷണവുമാണ്, അവ രൂപത്തിലും ഭാവത്തിലും മാത്രമാണ് വ്യത്യാസം.

അതിശക്തമായ ചെറുത്തുനിൽപ്പുകളും മുന്നേറ്റങ്ങളും നടത്തിയാണ് ചൂഷണമുക്തമായ ലോകത്തിന് വേണ്ടി തൊഴിലാളി വർഗ്ഗം നിലകൊണ്ടത്. തൊഴിലാളികൾക്കനുകൂലമായ നിയമങ്ങൾ എഴുതി തയ്യാറാക്കപ്പെട്ടത് പൂർവ്വഗാമികൾ നയിച്ച ഒട്ടനവധി ത്യാഗോജ്വലമായ പോരാട്ടങ്ങളുടെ ഫലമായിട്ടാണ്. ഇത്തരം നിയമങ്ങളിൽ പോലും, തൊഴിൽ ചൂഷണ സാധ്യതകൾ ഉണ്ടായിരുന്നു. അവയെ പുതുക്കിപ്പണിയുക എന്ന ധർമ്മമാണ് കഴിഞ്ഞ കാലങ്ങളിൽ നാം നടത്തിവന്നത്.

പുതുവർഷത്തിലേക്ക് കടക്കുമ്പോൾ നമ്മുടെ രാജ്യത്ത് നിലവിൽ ഉണ്ടായിരുന്ന തൊഴിൽ നിയമങ്ങളെയാകെ പൊളിച്ചെഴുതി, പുറമേക്ക് തൊഴിലാളി സൗഹൃദം എന്ന തോന്നലുണ്ടാക്കി, തൊഴിലുടമയുടെ താൽപര്യങ്ങൾക്ക് മുൻതൂക്കം നൽകുന്ന, തൊഴിൽ സുരക്ഷ എന്നത് ഒരു മരീചികയുമാക്കി മാറ്റുന്ന 4 ലേബർ കോഡുകൾ, കാര്യമായ ചർച്ചകൾ പോലുമില്ലാതെ നിലവിൽ വന്നിരിക്കുകയാണ്. മുതലാളിത്തത്തിന്റെ താല്പര്യങ്ങൾ മാത്രം സംരക്ഷിക്കുന്ന ഇത്തരം നീക്കങ്ങളെ ശക്തമായി എതിർക്കേണ്ട കാലത്തിലൂടെയാണ് നാം കടന്നു പോകുന്നത്.

നാണയപ്പെരുപ്പവും, തൊഴിലില്ലായ്മയും രൂക്ഷമായ കാലഘട്ടം കൂടിയാണിത്. ബാങ്കുകൾ, റെയിൽവേ, മറ്റ് സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയിൽ നിയമനം നടത്തുന്നതിൽ ഏറെ കുറവ് വന്നിരിക്കുന്നു. ബാങ്കുകളിൽ ജീവനക്കാരുടെ കുറവ് മൂലം തൊഴിൽ സാഹചര്യങ്ങളാകെ ദിനം പ്രതി വഷളാകുകയാണ്.

പുതിയ തൊഴിൽ സാദ്ധ്യതകളെ AI എത്രത്തോളം പ്രതികൂലമായി ബാധിക്കാൻ പോകുന്നു എന്ന ആശങ്കയും നമ്മുടെ മുന്നിലുണ്ട്.

മറ്റ് പൊതുമേഖലാ ബാങ്കുകളെ അപേക്ഷിച്ച്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ കൃത്യമായ ഇടവേളകളിൽ ജീവനക്കാരെ നിയമിക്കുന്നതിൽ സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയൻ, കേരള സർക്കിളിന്, ചെറുതല്ലാത്ത പങ്കുണ്ടെന്ന് സഖാക്കൾക്ക് അറിയാവുന്നതാണല്ലോ. കൂടുതൽ നിയമനങ്ങൾക്ക് വേണ്ടി നാം ശക്തമായി ഇടപെട്ടു വരികയാണ്. സബോർഡിനേറ്റ് വിഭാഗം ജീവനക്കാരുടെ നിയമനം നടത്താൻ ആവശ്യമായ ഇടപെടലുകൾ ഏറ്റവും ശക്തമായി നടത്തിയ ഒരു വർഷവും കൂടിയാണ് കടന്നു പോകുന്നത്.

സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയൻ (കേരള സർക്കിൾ) രൂപീകരണത്തിന്റെ രജത ജൂബിലി ആഘോഷങ്ങൾ, നമ്മുടെ ഏവരുടേയും രണ്ട് ദിവസത്തെ ശമ്പളം സംഭാവന ചെയ്ത് നാം നിർമ്മിച്ച SBSU സെൻററിന്റെ ഉദ്ഘാടനം, എന്നീ മഹത്തായ കാര്യങ്ങൾക്ക് സാക്ഷിയായയാണ് ഈ വർഷം കടന്നു പോയത്.

പ്രിയ സഖാക്കളെ, അത്യന്തം സങ്കീർണ്ണമായ പരിതസ്ഥിതിയിലൂടെ കടന്നുപോകുമ്പോഴും, ലോകത്തെ മുന്നോട്ട് നയിക്കുന്നത് പ്രത്യാശകളാണ്. പരസ്പര വിദ്വേഷമില്ലാത്ത, മാനവ സ്നേഹം കൊണ്ട് പടുത്തുയർത്തുന്ന നാളെകൾക്കായി നമുക്ക് പൊരുതാം. ഒറ്റക്കെട്ടായി.....ഒരു മനസ്സായി നമുക്ക് അനീതികൾക്കെതിരായി ശബ്ദമുയർത്താം.

എല്ലാ സഖാക്കൾക്കും സന്തോഷവും, സമാധാനവും, സമൃദ്ധിയും നിറഞ്ഞ പുതുവത്സരം ആശംസിക്കുന്നു.



(അഖിൽ എസ്)
ജനറൽ സെക്രട്ടറി